<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6495</u> <u>10-11-2021 - ൽ മറുപടിയ്ക്ക്</u>

<u>വസ്തുവിന്റെ കൂട്ടുടമസ്ഥാവകാശം മാറ്റി സബ്ഡിവിഷൻ നൽകി കരം ഒടുക്കുന്നതിനുള്ള നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ അയിരൂപ്പാറ വില്ലേജിൽ ശാന്തമ്മ ജെ., പുതുവൽപുത്തൻ വീട്, ഉണ്ടത്തിൽ പി.ഒ., കാര്യവട്ടം എന്ന വ്യക്തിയുടെ വസ്തുവിന്റെ കൂട്ടുടമസ്ഥാവകാശം മാറ്റി സബ്ഡിവിഷൻ നൽകി കരം ഒടുക്കുന്നതിന് വേണ്ടി തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ അയിരൂപ്പാറ വില്ലേജിൽ ശാന്തമ്മ ജെ., പുതുവൽപുത്തൻ വീട്, ഉണ്ടത്തിൽ പി.ഒ., കാര്യവട്ടം എന്ന വ്യക്തി 01.02.2021 ന് നൽകിയ അപേക്ഷ 01.03.2021-ന് പരിശോധനയ്ക്കായി ഹെഡ് സർവ്വെയർക്ക് കൈമാറിയിട്ടുള്ളതാണ്. |
| (ബി) | താലൂക്ക് ഫയൽ നമ്പർ LRM1/6936/21 പ്രകാരം 01.02.2021-ൽ നൽകിയ അപേക്ഷ താലൂക്ക് സർവ്വേയർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലയെങ്കിൽ ഇതിലുണ്ടായ കാലതാമസം വിശദീകരിക്കാമോ; | (ബി) | എൽ.ആർ.എം ഫയലുകളിൽ സീനിയോറിറ്റി പ്രകാരമാണ് നടപടി സ്വീകരിച്ചുവരുന്നത്. 2021 ൽ നൽകിയിട്ടുള്ള അപേക്ഷ ആകയാൽ മുൻഗണനാക്രമത്തിൽ ഹെഡ് സർവ്വെയർ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് ടി ഫയലിൽ നിലവിലുള്ളത്. |
| (സി) | പ്രസ്തുത പരാതി പരിശോധിച്ച് സ്വന്തം പേരിൽ കരം ഒടുക്കാൻ അവസരം ഒരുക്കുമോ; അപേക്ഷ എന്നത്തേക്ക് തീർപ്പ് കൽപിക്കാൻ കഴിയും എന്നറിയിക്കാമോ; പ്രസ്തുത ഫയൽ നിലവിൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ? | (സി) | സീനിയോറിറ്റി പ്രകാരം ഫയൽ പരിശോധിച്ച് ഹെഡ് സർവ്വെയറുടെ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കി ടി ഫയലിൽ നടപടികൾ സ്വീകരിക്കുന്നതാണ്. ടി ഫയൽ നിലവിൽ ഹെഡ് സർവ്വെയറുടെ കൈവശമാണ്. |

സെക്ഷൻ ഓഫീസർ